I.T. Section

## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2220** 15.07.2011- ൽ മറുപടിനൽകേണ്ടിയിരുന്നത്.

### വില്ലേജ് ഓഫീസുകളിൽ രേഖകളിൽ കൃത്രിമം നടത്തി കരം സ്വീകരിക്കുന്ന നടപടി

| ചോദ്യം<br>ശ്രീ. കെ.രാധാകൃഷ്ണൻ | മറുപടി<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പുമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ വിവിധ വില്ലേജ് ഓഫീസുകളിൽ യഥാർത്ഥ ഭൂഉടമകൾ അറിയാതെ രേഖകളിൽ കൃത്രിമം നടത്തി കരം സ്വീകരിക്കൽ, പട്ടയം പിടിക്കൽ തുടങ്ങിയ നടപടികൾ നടന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) പ്രസ്തുത നടപടി മൂലം യഥാർത്ഥ ഭൂഉടമകൾക്ക് നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; | (എ) & (ബി)<br><br>ഉണ്ട്. |
| (സി) ഇപ്രകാരം എത്ര കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് പറയാമോ; | (സി) ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 10 കേസുകൾ വിവിധ ജില്ലകളിൽനിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട് |
| (ഡി) ഭൂഉടമകൾ അറിയാതെ റവന്യൂരേഖകളിൽ കൃത്രിമം നടത്തുന്ന ഉദ്യോഗസ്ഥന്മാരുടെ മേൽ കർശന നടപടികൾ സ്വീകരിക്കുമോ;<br><br>(ഇ) തങ്ങളുടേതല്ലാത്ത കാരണത്താൽ ഇപ്രകാരം ബുദ്ധിമുട്ടനുഭവിക്കുന്നവരുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) & (ഇ)<br><br>ഭൂഉടമ അറിയാതെ റവന്യൂ രേഖകളിൽ കൃത്രിമം നടത്തിയതായി തെളിയിക്കപ്പെടുന്ന കേസുകളിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ കർശനവും മാതൃകാപരവുമായ നടപടികൾ സ്വീകരിക്കുന്നതാണ്. മാത്രമല്ല ഇത്തരം പരാതികൾ എത്രയും വേഗം പരിഹരിക്കുന്നതിന് വേണ്ട നിയമാനുസൃത നടപടികൾ കൈക്കൊള്ളുന്നതാണ് |

സെക്ഷൻ ഓഫീസർ